# മഹാത്മാഗാന്ധി സർവ്വകലാശാല
## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 13

## വാർത്താക്കുറിപ്പ് (2)

---

## രാജ്യാന്തര ശിൽപ്പശാല തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്യുറോപ്പതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര ശിൽപ്പശാല വൈസ് ചാന്സലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. യോഗ, വ്യായാമം, നൃത്തം, സംഗീതം എന്നിവയിലെ അംഗചലനങ്ങളുടെ ശാസ്ത്രീയ അപഗ്രഥനമാണ് ശിൽപ്പശാലയുടെ വിഷയം.

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ പ്ര. പി. ഹരികൃഷ്ണൻ, സെന്റർ ഫോർ യോഗ ആന്റ് നാച്യുറോപ്പതി ഓണററി ഡയറക്ടര് ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, പ്രഫ. ഡോ. പി.ടി ബാബുരാജ്, കൊളംബോയിലെ വിഷ്വൽ ആൻറ് പെർഫോമിംഗ് ആർട്സ് സർവകലാശാലയിലെ അധ്യാപിക ഡോ. അഞ്ജലി മിശ്ര, ഡോ. കെ. ജയചന്ദ്രൻ, ഡോ. ഷിജു കെ.കെ എന്നിവർ സംസാരിച്ചു.

ഇന്ന്(ഒക്ടോബർ 14) ഉച്ചകഴിഞ്ഞ് മൂന്നിനാണ് സമാപന സമ്മേളനം. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇന് സയൻസ് ഓഫ് മ്യൂസിക്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപ്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

(പി.ആർ.ഒ./39/1465/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**